(ഡി) കൂടുതൽ സ്കാനിംഗ് മെഷീനുകളും സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി 7500 എം.ആർ.ഐ. സ്കാനിംഗുകളും 35000 സി.ടി. സ്കാനിംഗുകളും നടത്തിവരുന്നു.

(ബി) എം.ആർ.ഐ. മെഷീൻ - 1 (ഒന്ന്)

സി.ടി. സ്കാനറുകൾ

16 സ്ലൈസ് (16 slice) - 1 (ഒന്ന്)

സിംഗിൾ സ്ലൈസ് (single slice) - 1 (ഒന്ന്)

(സി) ഉണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു 64 സ്ലൈസ് സി.ടി. സ്കാനർ കൂടി വാങ്ങുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

കൈപേഷണൽ തെറാപിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി

88 (780) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികരോഗാശുപത്രിയിൽ ഇപ്പോൾ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ വേക്കൻസി നിലവിലുണ്ടോ ; എങ്കിൽ ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നിവിടങ്ങളിൽ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ സേവന വേതന വ്യവസ്ഥകളിൽ ഉള്ള ഡിസ്പാരിറ്റി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ മറ്റ് മാനസികരോഗാശുപത്രികളിലും ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് മാനസികരോഗാശുപത്രിയിൽ ഇപ്പോൾ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ വേക്കൻസി നിലവിലുണ്ട്. ആയത് നിയമന ശിപാർശയ്ക്കായ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറോട് പ്രസ്തുത വിഷയം സംബന്ധിച്ച് പത്താം ശമ്പള കമ്മീഷന് റഫർ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മറ്റ് രണ്ട് മാനസികരോഗാശുപത്രിയിലും ടി തസ്തിക ഓരോന്നുവീതം നിലവിലുണ്ട്. നിലവിൽ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി

89 (781) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

തെങ്ങിലകടവിലെ കാൻസർ സെന്റർ

90 (782) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-10-2014-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്തയോഗത്തിൽ മാവൂർ തെങ്ങിലകടവിലെ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്ററിന് ലീസിനുകൊടുത്ത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly